# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

## ഗവ. എൽ. പി. എസ് നോമ്പിഴി

## ഉപജില്ല – പന്തളം

## ജില്ല – പത്തനംതിട്ട

mail-nombizhiglps@gmail.com

# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാൻ ആവശ്യമായ ധാരണകളും, മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയാണ് ലക്ഷ്യം വയ്ക്കുന്നത്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം സ്കൂൾ വിദ്യാഭ്യാസ നിലവാരത്തിൽ വലിയ മാറ്റങ്ങൾ വരുത്തി. അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ,ഡിജിറ്റലൈസേഷൻ സംരംഭങ്ങൾ ,സ്മാർട്ട് ക്ലാസ് മുറികൾ തുടങ്ങിയവ മൊത്തത്തിലുള്ള ഗുണനിലവാരം മെച്ചപ്പെടുത്തിയിട്ടുണ്ടെങ്കിലും അക്കാദമിക ഗുണനിലവാരവും കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട് . ഇതിനായി ആരംഭിക്കുന്ന ഒരു പുതിയ സംരംഭമാണ് സമഗ്ര ഗുണമേന്മ പദ്ധതി.

# സ്കൂളിന്റെ പൊതുവായ വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | ഗവ. എൽ. പി. എസ് നോമ്പിഴി |
| സ്കൂൾ സ്ഥാപിതമായ വർഷം | 1886 |
| UDISE CODE | 32120500206 |
| വിദ്യാഭ്യാസ ഉപജില്ല ഉപജില്ല | പന്തളം |
| റവന്യൂ ജില്ല | പത്തനംതിട്ട |
| ബ്ലോക്ക് | പന്തളം |
| സ്കൂളിന്റെ സ്ഥാനം | തുമ്പമൺ -അടൂർ റോഡിൽ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിൽ കീരുകുഴി എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്നു. |
| സ്ഥല വിസ്തൃതി | ഒരു ഏക്കർ |
| താലൂക്ക് | അടൂർ |
| നിയമസഭാ മണ്ഡലം | അടൂർ |
| വില്ലേജ് | പന്തളം തെക്കേക്കര |
| പഞ്ചായത്ത് | പന്തളം തെക്കേക്കര |
| വാർഡ് | **5** |

## സ്കൂളിനെ സംബന്ധിക്കുന്ന വിവരങ്ങൾ

**1886**-ൽ സ്ഥാപിതമായ നോമ്പിഴി ഗവ. എൽ പി സ്കൂൾ, പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിൽ അഞ്ചാം വാർഡിൽ സ്ഥിതി ചെയ്യുന്നു. വിദ്യാഭ്യാസപരമായി പിന്നോക്കം നിന്നിരുന്ന ഈ പ്രദേശത്തെ എല്ലാ കുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസം ലഭിക്കണം എന്ന ലക്ഷ്യത്തോടുകൂടി നല്ലവരായ നാട്ടുകാരുടെ സഹായത്തോടെ നാമ്പോഴി എന്ന കുടുംബത്തിൽ ഈ വിദ്യാലയം ആരംഭിച്ചു. തുടക്കത്തിൽ രണ്ടാം ക്ലാസ് വരെ ഉണ്ടായിരുന്ന സ്കൂൾ **1947** വരെ നാമ്പോഴി വക മാനേജ്മെന്റെ ആയിരുന്നു. **1948** ൽ ഈ സ്കൂൾ സർക്കാരിലേക്ക് സറണ്ടർ ചെയ്തു . **1** മുതൽ **4** വരെ ക്ലാസുകൾ ഉള്ള സർക്കാർ സ്കൂൾളായി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. സാമ്പത്തികമായോ വർഗ്ഗപരമായ വ്യത്യാസമില്ലാതെ ഈ നാട്ടിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഉന്നതമായ സാമൂഹ്യ സമത്വത്തിൽ വിദ്യാഭ്യാസം പൂർത്തിയാക്കാൻ ഇവിടെ കഴിയുന്നു. തുടക്കത്തിൽ രണ്ട് അധ്യാപകരും നൂറിലധികം വിദ്യാർത്ഥികളും ഉണ്ടായിരുന്നു. പിന്നീട് വിദ്യാർഥികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വന്നിരുന്നു. വിദ്യാസമ്പന്നരും ബഹുമുഖ പ്രതിഭകളുമായി സമൂഹത്തിൽ ഉന്നത ശ്രേണിയിലുള്ള നിവാസികൾ പൂർണമായും പ്രാഥമിക വിദ്യാഭ്യാസം നേടിയത് ഇവിടെ നിന്നാണ്.

# വിദ്യാർത്ഥികളുടെ എണ്ണം

| വർഷം | എണ്ണം | | |
|---|---|---|---|
| | **Boys** | **Girls** | **Total** |
| **2013-14** | 12 | 14 | 26 |
| **2014-15** | 9 | 9 | 18 |
| **2015-16** | 11 | 9 | 20 |
| **2016-17** | 11 | 9 | 20 |
| **2017-18** | 13 | 8 | 21 |
| **2018-19** | 18 | 10 | 28 |
| **2019-20** | 19 | 13 | 32 |
| **2020--21** | 23 | 16 | 39 |
| **2021-22** | 29 | 24 | 53 |
| **2022-23** | 22 | 23 | 45 |
| **2023-24** | 27 | 18 | 45 |
| **2024-25** | 23 | 22 | 45 |
| **2025-26** | 23 | 18 | 41 |

## ജീവനക്കാരുടെ എണ്ണം

| ക്രമനമ്പർ | പേര് | തസ്തിക |
|---|---|---|
| 1. | ജയലക്ഷ്മി പി. ഡി | പ്രധാമാധ്യാപിക |
| 2. | സിന്ധു. സി | പി .ഡി ടീച്ചർ |
| 3. | രാജശ്രീ ആർ കുറുപ്പ് | എൽ .പി. എസ്. ടി |
| 4. | അജിത് കുമാർ വി | എൽ .പി. എസ്. ടി |
| 5. | അനീസ ബീവി | പി. റ്റി. സി .എം |
| 6. | സുമലത .പി | പ്രീ- പ്രൈമറി ടീച്ചർ |
| 7. | സിന്ധു. എൻ | പാചക ത്തൊഴിലാളി |

## നേട്ടങ്ങളും പരിമിതികളും

പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിച്ചു കൊണ്ടിരിക്കുന്ന നോമ്പഴി ഗവ. എൽ . പി സ്കൂളിൽ കലാകായിക പ്രവൃത്തി പരിചയമേളകളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നുണ്ട്.2024-25 അധ്യയന വർഷം നടന്ന പ്രവൃത്തി പരിചയമേളയിൽ സബ്ജില്ലാതലത്തിൽ രണ്ടാം സ്ഥാനം നേടാൻ കഴിഞ്ഞു . വിവിധ ഏജൻസികൾ നടത്തുന്ന ക്വിസ് ,പെയിന്റിങ് മത്സരങ്ങളിൽ കുട്ടികൾ പങ്കെടുക്കുന്നുണ്ട് .ദിനാചരണ പ്രവർത്തനങ്ങൾ സാമൂഹിക പങ്കാളിത്തത്തോടെ നടത്തുന്നുണ്ട്. വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നുണ്ട് . കാർഷിക ക്ലബ്ബിന്റെ നേതൃത്വത്തിൽ കുട്ടികൾ തന്നെ സ്കൂൾ കോമ്പൗണ്ടിൽ ജൈവ പച്ചക്കറി കൃഷി നടത്തിവരുന്നു

സ്ഥിരമായി ഇംഗ്ലീഷ് കേൾക്കാൻ അവസരം ലഭിച്ചാൽ കുട്ടികളിൽ ഇംഗ്ലീഷിലുള്ള ആശയവിനിമയശേഷി കൂടും എന്ന കണ്ടെത്തലിൽ ഐ.സി.ടി സഹായത്തോടെ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ നൽകുന്നു ഇത് കുട്ടികൾക്ക് പ്രയോജനം ചെയ്യുന്നു ണ്ട് .കഴിഞ്ഞ നാലു വർഷമായി നാലാം ക്ലാസിലെ കുട്ടികൾ എൽ. എസ്എസ്സ്കോളർഷിപ്പ് നേടുന്നുണ്ട് 2024- 25 അധ്യയന വർഷം 4 കുട്ടികൾ എൽഎസ്എസ് സ്കോളർഷിപ്പ് നേടി .ഇത് സ്കൂളിനെ സംബന്ധിച്ച് അഭിമാനാർഹമായ നേട്ടമാണ് . ആഴ്ചയിൽ ഒരു ദിവസം യോഗ ക്ലാസ് നടത്തിവരുന്നു.

പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത് ഘടക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുവദിച്ച സ്മാർട്ട് ക്ലാസ് റൂം പദ്ധതി പ്രകാരം എല്ലാ ക്ലാസ് റൂമുകളും സ്മാർട്ട് ക്ലാസ് റൂം ആക്കി മാറ്റി. ഒന്ന് ,രണ്ട് ക്ലാസ് റൂമുകളിൽ ഏറ്റവും ആധുനികമായ ഇന്ററാക്ടീവ് പാനൽ സ്ഥാപിച്ചു .പഞ്ചായത്ത് പദ്ധതികളിൽ ഉൾപ്പെടുത്തി അടുക്കള ഉപകരണങ്ങൾ ,ഫർണിച്ചറുകൾ, ഫസ്റ്റ് എയ്ഡ് ബോക്സ്, ജൈവ .മാലിന്യ സംസ്കരണത്തിനായി ജീബിൻ , എന്നിവ വിതരണം ചെയ്തിട്ടുണ്ട് .

## പരിമിതികൾ

- സ്കൂൾ കെട്ടിടത്തിന്റെ പഴക്കം.
- കളി സ്ഥലത്തിന്റെ അഭാവം.
- സയൻസ് ഗണിത ലാബുകളുടെ സ്ഥല പരിമിതി.
- ഓപ്പൺ എയർ ഓഡിറ്റോറിയത്തിന്റെ അഭാവം.
- പാചകപ്പുരയുടെ സ്ഥലപരിമിതി.
- ചുറ്റു മതിലിന്റെ ഉയരക്കുറവ്.

## പൊതു ലക്ഷ്യങ്ങൾ

(1) സ്കൂളിന്റെ ഒന്നര കിലോമീറ്റർ ചുറ്റളവിൽ ഉള്ള 1 മുതൽ 4 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടിക്ക് ഓരോ ക്ലാസിലും നേടേണ്ട പ്രതീക്ഷിത നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടാൻ വേണ്ട പഠനസൗകര്യങ്ങളും ഒരുക്കി കൊടുക്കുക. എല്ലാ കുട്ടികൾക്കും പഠനത്തിലും വികാസത്തിനും തുല്യ അവസരങ്ങൾ നൽകും. മത്സരാധിഷ്ഠിത ലോകത്തിൽ അതിജീവിക്കാൻ ആവശ്യമായ ആത്മവിശ്വാസവും, അറിവും , പ്രാപ്തിയും ആർജിക്കുന്നതോടൊപ്പം മതനിരപേക്ഷത , ജനാധിപത്യബോധം , തുല്യത സഹവർത്തിത്വം ,സഹകരണം , അനുതാപം തുടങ്ങി ഒരു ജനാധിപത്യ സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് ആവശ്യമായ മൂല്യബോധങ്ങൾ ഉളവാക്കാൻ സഹായകമായ പഠനപ്രക്രിയകളും പഠനാന്തരീക്ഷവും ഒരുക്കുന്നു

2. സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനും ഉള്ള അവസരങ്ങൾ സൃഷ്ടിക്കുക. ടാലന്റെ ലാബ് എന്ന ആശയത്തിൽ നിന്നുകൊണ്ട് ഒരേ കഴിവുള്ള കുട്ടികളെ പ്രത്യേകം ഗ്രൂപ്പുകൾ ആക്കി കഴിവിനെ ഉയർന്ന തലത്തിൽ എത്തിക്കാൻ വിദഗ്ധരുടെ സഹായത്തോടെ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

3. മികച്ച ശാരീരിക- മാനസികാരോഗ്യം ഉറപ്പാക്കുക. കായിക വിദ്യാഭ്യാസത്തിന് ഊന്നൽ കൊടുത്തുകൊണ്ട് ആരോഗ്യ കായിക മേഖലയിലുള്ള സേവനം ഉറപ്പാക്കും. കളിസ്ഥല വികസനത്തിന് ആവശ്യമായ ഫണ്ട് പൊതുസമൂഹത്തിൽ നിന്നും സമാഹരിക്കും.

4. മാതൃഭാഷക്കൊപ്പം ഇംഗ്ലീഷ് ഭാഷയിൽ ഉയർന്നശേഷി കൈവരിക്കാൻ ആവശ്യമായ രീതിശാസ്ത്രം വികസിപ്പിക്കുക. ICT വിദഗ്ദർ എന്നിവരുടെ സഹായത്തോടെ ഇംഗ്ലീഷ് പഠനത്തിന് ആവശ്യമായ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കും. ഹലോ ഇംഗ്ലീഷ് പ്രവർത്തനങ്ങൾ കൂടി ഇതിനോടൊപ്പം ഉൾപ്പെടുത്തും.

5. വിദ്യാലയ പ്രവർത്തനങ്ങൾക്ക് പിന്തുണയും ശ്രദ്ധയും ഉറപ്പാക്കാൻ ജനകീയ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക. എസ് .എം സി . സി,എസ് എസ് ജി ,വിദ്യാലയ വികസന സമിതി , സംഘടനകൾ പൂർവ്വ വിദ്യാർത്ഥികൾ ,ജനപ്രതിനിധികൾ , എന്നിവരുടെ സഹായത്തോടെ വിദ്യാലയ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കും.

6. തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണയ പ്രക്രിയ വിലയിരുത്തലിന്റെ അവിഭാജ്യ ഭാഗമാക്കി മാറ്റുക. നിരന്തര മൂല്യനിർണയ പ്രക്രിയ നടത്തുന്നതിലൂടെ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ തുടർ പ്രവർത്തനങ്ങൾ നടത്തി മറ്റുള്ളവരോട് ഒപ്പം എത്തിക്കും.

7. പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആക്കാനും സ്കൂൾ കാമ്പസിനെ ഒരു പാഠപുസ്തകമാക്കി വികസിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി ഓരോ സ്കൂൾ ക്യാമ്പസും ജൈവവൈവിധ്യ ഉദ്യാനം ആക്കി മാറ്റും . ജൈവ വൈവിധ്യ ഉദ്യാനം സ്കൂളിൽ അനുവദിച്ചിട്ടുണ്ട് അതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തും . അതുവഴി പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആക്കാൻ ശ്രമിക്കും.

8. മാലിന്യനിർമാർജനം, ലഹരി വിമുക്ത,പ്ലാസ്റ്റിക് വിമുക്ത അവബോധം ഉളവാക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക . മദ്യം, മയക്കുമരുന്ന് ,എന്നിവയുടെ ഉപയോഗം മൂലം ഉണ്ടാകുന്ന ദോഷവശങ്ങളെ കുറിച്ച് അവബോധം ഉണ്ടാക്കാൻ ബോധവൽക്കരണ ക്ലാസുകൾ നടത്തും. ഇവയുടെ ഉപയോഗം ഒഴിവാക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.

9. പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഉൾപ്പെടെ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ പഠന പ്രവർത്തനത്തിനായി ഉപയോഗിക്കുക. എല്ലാ മേഖലകളിലും പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികളെ ഉൾപ്പെടുത്തുകയും അവർക്ക് വേണ്ട പരിഗണന നൽകുകയും ചെയ്യും.

# അക്കാദമിക് പ്രവർത്തനങ്ങൾ വിഷയാടിസ്ഥാനത്തിൽ

## ഭാഷ

പ്രൈമറി ക്ലാസുകളിൽ മാതൃഭാഷയിലൂടെയുള്ള ബോധന രീതിയാണ് നടക്കേണ്ടത് . ആശയങ്ങൾ വേഗത്തിൽ ഗ്രഹിക്കാനും സ്വന്തം ആശയങ്ങൾ പ്രകടിപ്പിക്കാനും കുട്ടിക്ക് ഏറ്റവും അനുയോജ്യമായത് മാതൃഭാഷ തന്നെയാണ്.

## ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു എന്ന് ഉറപ്പാക്കുക.
2. എല്ലാ കുട്ടികളും തെറ്റുകൂടാതെ സ്വതന്ത്രമായി എഴുതുന്നു എന്ന് ഉറപ്പാക്കുക .
3. സർഗാത്മക രചനയിലൂടെ സാഹിത്യ അഭിരുചി വളർത്തുന്നു.
4. ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
5. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ സാധ്യതകൾ ഭാഷാപഠനത്തിന് പ്രയോജനപ്പെടുത്തുക.

# പ്രവർത്തന കലണ്ടർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| അർത്ഥപൂർണ്ണമായി വായിക്കുന്നു എന്ന് ഉറപ്പാക്കുക .(ഭാഷാപരമായി പിന്നോക്കാവസ്ഥ പരിഗണിക്കൽ ) | • പ്രീ ടെസ്റ്റ് നടത്തൽ പിന്നോക്കക്കാരെ പരിഗണിക്കൽ ( മലയാളത്തിളക്കം )<br>• ഉണർവ്<br>• അക്ഷര കാർഡ്<br>• വാക്യാസ് ട്രിപ്പ്<br>• റീഡിങ് കാർഡ്<br>• ഓരോ ക്ലാസിലും വായനാമൂല ക്രമീകരിക്കൽ<br>• ക്ലാസ്സ് ലൈബ്രറി<br>• സ്കൂൾ ലൈബ്രറി<br>• പത്രവായന<br>• റീഡേഴ്‌സ് തിയേറ്റർ<br>• സമീപ ഗ്രന്ഥശാല പ്രയോജനപ്പെടുത്തൽ<br>• സ്വന്തം വായനാ റെക്കോർഡ് ചെയ്തു കേൾപ്പിക്കൽ<br>• സ്വയം വിലയിരുത്തൽ<br>• പരസ്പര വിലയിരുത്തൽ<br>• റേഡിയോ കേൾപ്പിക്കൽ | ദീർഘകാലം (ജൂൺ -മാർച്ച് )<br><br>ഹ്രസ്വാകാലം | അധ്യാപകർ<br><br>ക്ലാസ് ടീച്ചർ<br><br>പി.ടി.എ | 10,000/- | HM<br><br>SRG<br><br>BRC Trainers |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| എല്ലാ കുട്ടികളും തെറ്റില്ലാതെ സ്വതന്ത്രമായി എഴുതുന്നു എന്ന് ഉറപ്പാക്കുക | • ചിത്രത്തിന് അടിക്കുറിപ്പ് എഴുതൽ<br>• ചിത്രം നോക്കി കഥ എഴുതൽ<br>• വരികൾ കൂട്ടിച്ചേർക്കൽ<br>• സംയുക്ത ഡയറി<br>• സചിത്ര പുസ്തകം<br>• വായനാക്കുറിപ്പ് തയ്യാറാക്കൽ<br>• കുട്ടികൾക്ക് ഒരു മാഗസിൻ | ഹ്രസ്വകാലം<br><br>മധ്യകാലം | ക്ലാസ് ടീച്ചർ | 5000/- | HM<br><br>BRC |
| സർഗത്മക രചനയിലൂടെ സാഹിത്യ അഭിരുചി വളർത്തുക | • വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>• സർഗത്മക ഡയറി<br>• വിദ്യാരംഗം ക്ലബ്ബ് രൂപീകരണവും പ്രവർത്തനങ്ങളും<br>• പാട്ട് രങ്ങ്<br>• സർഗ്ഗ വേദി<br>• പതിപ്പുകൾ<br>• മാഗസിനുകൾ<br>• ക്ലാസ് പത്രം | മധ്യകാലം | ഹെഡ് മാസ്റ്റർ<br><br>വിദ്യാരംഗം കൺവീന | 5000/- | ഹെഡ്മാസ്റ്റർ<br><br>BRC |
| ശാസ്ത്രസാങ്കേതിക വിദ്യാഭാഷാ പഠനത്തിന് പ്രയോജനപ്പെടുത്തൽ | • ICT സഹായത്തോടെ കവിതകൾ കേൾപ്പിക്കൽ<br>• മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കൽ<br>• കളിപ്പെട്ടി പ്രയോജനപ്പെടുത്തൽ<br>• വർക്ക് ഷീറ്റുകൾ തയ്യാറാക്കൽ | | | | |

# ഗണിതം

ഗണിതത്തിൽ എല്ലാ കുട്ടികൾക്കും താൽപര്യം വർദ്ധിപ്പിക്കുവാനും ഗണിത പ്രവർത്തനങ്ങൾ രസകരമാക്കാനും അടിസ്ഥാന ഗണിത ക്രിയകൾ ഉറപ്പിക്കാനും ഗണിത പഠനം ജീവിത ഗന്ധിയുമാകത്തക്ക രീതിയിൽ പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ ആവിഷ്കരിക്കേണ്ടത് ആവശ്യമാണ് .

## ലക്ഷ്യങ്ങൾ

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാം കുട്ടികൾക്ക് ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധിപ്പിക്കുക.
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്ന് ഉറപ്പാക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | • ഓരോ ക്ലാസിലെയും അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തൽ<br>• പ്രീ-ടെസ്റ്റ് നടത്തൽ<br>• മുൻ ക്ലാസിൽ നേടേണ്ട ശേഷികൾ കണക്കിലെടുത്ത് കൊണ്ടുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കൽ.<br>• ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിഗണന നൽകൽ<br>• വർക്ക് ഷീറ്റുകൾ ലഭ്യമാക്കൽ<br>• ഉല്ലാസ ഗണിതം<br>• ഗണിതവിജയം | ഹ്രസ്വാകാലം | ക്ലാസ് ടീച്ചർ | | HM<br>BRC |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| ഗണിതത്തെ ജീവിതവുമായി ബന്ധിപ്പിക്കൽ | • School Honesty Shop<br>• SRG ചർച്ച ചെയ്തു പദ്ധതി രൂപീകരിക്കുന്നു<br>• ഒരു ടീച്ചറിനെ ചുമതലപ്പെടുത്തൽ<br>• ആഴ്ച തോറും കുട്ടികൾക്ക് ചുമതലകൾ മാറി നൽകൽ<br>• സ്കൂൾ അസംബ്ലിയിൽ മനക്കണക്ക് ,കുസൃതി കണക്ക് , ഗണിത പാട്ട് എന്നിവ ഉൾപ്പെടുത്തൽ.<br>• ഗണിത ചുമർ നിർമ്മാണം<br>• Building as Learning Aid (BALA) സ്കൂൾ കെട്ടിടത്തിൽ ഗണിത ആശയങ്ങൾ വരച്ചു ചേർക്കൽ<br>• ജിയോമെട്രിക്കൽ മോഡൽസ് അളവു തൂക്കു ഉപകരണങ്ങൾ അബാക്കസ് എന്നിവ ലഭ്യമാക്കൽ | മധ്യകാലം<br>ഹ്രസ്വാകാലം<br>മധ്യകാലം<br>ദീർഘകാലം (ജൂൺ -മാർച്ച് ) | P.T.A<br>SRG കൺവീനർ<br>ക്ലാസ് ടീച്ചർ<br>HM<br>ക്ലാസ് ടീച്ചർ<br>SSA പഞ്ചായത്ത് | 5000/-<br>10000/-<br>100000/- | HM<br>PTA<br>HM<br>HM<br>SSA പഞ്ചായത്ത് |
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടിയെന്ന് ഉറപ്പാക്കുക | • നിരന്തര വിലയിരുത്തൽ ഓരോ കുട്ടിയുടെയും പ്രശ്നമേ മേഖല തിരിച്ചറിയൽ .പരിഹാര പ്രവർത്തനങ്ങൾ നൽകൽ<br>• ടെസ്റ്റ് നടത്തൽ<br>• രക്ഷിതാവിനെ ബോധ്യപ്പെടുത്തൽ<br>• ആവശ്യമെങ്കിൽ കൂടുതൽപ്രവർത്തനങ്ങൾ നൽകൽ | ഹ്രസ്വാകാലം | ക്ലാസ് ടീച്ചർ | | PTA<br>HM<br>BRC |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| ആധുനിക ശാസ്ത്രശസാങ്കേതികവിദ്യ സാധ്യതകൾ ഉപയോഗിക്കൽ | • കളിപ്പെട്ടി പ്രയോജനപ്പെടുത്തൽ<br>• ഒറിഗാമി ചിത്രങ്ങൾ (പ്രവൃത്തി പരിചയവുമായി ബന്ധപ്പെടുത്തൽ).<br>• സംഖ്യാ ചിത്രങ്ങൾ<br>• ഗണിത പാട്ടുകൾ ( കലാപഠനവുമായി ബന്ധപ്പെടുത്തൽ )<br>• വർക്ക് ഷീറ്റ് ലഭ്യമാക്കൽ<br>• | മധ്യകാലം | ക്ലാസ് ടീച്ചർ<br><br>PTA | | HM<br><br>BRC |

# പരിസരപഠനം

നമ്മുടെ പ്രകൃതി തന്നെ ഒരു പാഠപുസ്തകമാണ് . കണ്ടും കേട്ടും നിരീക്ഷിച്ചും പ്രവർത്തിച്ചും പഠിക്കാനുള്ള ധാരാളം അവസരങ്ങൾ പ്രകൃതി ഒരുക്കുന്നു. പരിസര പഠനം പരിസരബന്ധിയും ജീവിതഗന്ധിയും ആകണം .ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുകയും ശാസ്ത്രീയ മനോഭാവം കുട്ടികളിൽ വികസിപ്പിക്കുകയും ചെയ്യണം.

## ലക്ഷ്യങ്ങൾ

1. ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക , ശാസ്ത്രീയ മനോഭാവം വികസിപ്പിക്കുക .
2. ഒന്നു മുതൽ നാലുവരെ ക്ലാസുകളിലെ പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠന നേട്ടം ഉണ്ടാക്കുന്നതിനും എല്ലാ ക്ലാസിലും ശാസ്ത്രമൂല ഉറപ്പാക്കൽ.
3. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക. ശാസ്ത്രീയ മനോഭാവം വികസിപ്പിക്കുക | • ഓരോ ക്ലാസിലെയും ലഘു പരീക്ഷണങ്ങൾ ലിസ്റ്റ് . ചെയ്യൽ .<br>• ഓരോ ക്ലാസിലും പരീക്ഷണ മൂല ക്രമീകരിക്കൽ.<br>• ശാസ്ത്ര മാസികൾ വായനാ മൂലയിൽ വെക്കൽ. | ഹ്രസ്വാകാലം | ക്ലാസ് ടീച്ചർ<br>PTA | 5000/- | HM<br>BRC |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| 1 മുതൽ 4 വരെ ക്ലാസുകളിലെ പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടമുറപ്പിക്കുന്നതിനും എല്ലാ ക്ലാസിലും ശാസ്ത്ര മൂല ഉറപ്പാക്കൽ. | • ശാസ്ത്ര പ്രതിഭകൾ ,അവരുടെ സംഭാവനകൾ രേഖപ്പെടുത്തൽ.<br>• ദിനാചരണങ്ങൾ .<br>• ശാസ്ത്ര ക്വിസ്.<br>• ജൈവ വൈവിധ്യ ഉദ്യാനം പ്രയോജനപ്പെടുത്തൽ ,field trip<br>• ഭൂപട വായന,Globe | ദീർഘകാലം (ജൂൺ -മാർച്ച് ) | HM<br>SSA<br>PTA | 100000/- | HM<br>SSA<br>PTA |
| ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ | • കളിപ്പെട്ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ .<br>• വർക്ക് ഷീറ്റ് തയ്യാറാക്കൽ.<br>• വർക്കിംഗ് മോഡൽസ്.<br>• ശാസ്ത്ര നാടകങ്ങൾ. | മധ്യകാലം | ക്ലാസ് ടീച്ചർ<br>PTA<br>പൂർവ്വ വിദ്യാർത്ഥികൾ | 5000/- | HM |

# ഇംഗ്ലീഷ് പഠനം

ഇംഗ്ലീഷ് ഭാഷയിലുള്ള പഠനത്തിന് ഇന്ന് പ്രചാരം ഏറിയിരിക്കുകയാണ്. മാതൃഭാഷയോടൊപ്പം തന്നെ ഇംഗ്ലീഷ് പഠനവും കൊണ്ടുപോകേണ്ടത് അത്യാവശ്യമാണ്.

## ലക്ഷ്യങ്ങൾ

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.

2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക .

3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.

4. ICT സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികാസനത്തിന് പ്രയോജനപ്പെടുത്തുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക. | • ഇംഗ്ലീഷ് അസംബ്ലി (Pledge ,Speech, Riddles ,Proverb, News )<br>• സീഡികൾ പ്രയോജനപ്പെടുത്തൽ .<br>• ഇംഗ്ലീഷ് Fest<br>• ഇംഗ്ലീഷ് ഷോർട്ട് ഫിലിംസ് കാണിക്കൽ. | ഹ്രസ്വാകാലം | ക്ലാസ് ടീച്ചർ | | HM |
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | • English Club രൂപീകരണം (skit, Rhymes, roleplay,Choreography എന്നിവ നടത്തൽ | മധ്യകാലം | ക്ലാസ് ടീച്ചർ<br>SRG | | HM<br>BRC |
| സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക | • വായനാ മൂല ക്രമീകരിക്കൽ .<br>• റീഡിങ് കാർഡ് ലഭ്യമാക്കൽ.<br>• ക്ലാസ് നിലവാരം അനുസരിച്ചുള്ള പുസ്തകങ്ങൾ English Magazines<br>എന്നിവ വായനാ മൂലയിൽ ഉൾപ്പെടുത്തൽ. | മധ്യകാലം | ക്ലാസ് ടീച്ചർ | | HM |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| സ്വതന്ത്ര എഴുത്തിനു സജ്ജരാക്കുക | • Picture reading and Writing descriptions.<br>• Add more lines<br>• Letter Writing<br>• Diary Writing | മധ്യകാലം | ക്ലാസ് ടീച്ചർ | | HM |
| ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ | • Story, Rhymes conversations തുടങ്ങിയവ ICT സഹായത്തോടെ കാണിക്കൽ.<br>• കളിപ്പെട്ടി പ്രയോജനപ്പെടുത്തൽ.<br>• വിവിധ CD സീഡികളുടെ ഉപയോഗം | മധ്യകാലം | ക്ലാസ് ടീച്ചർ | | HM |

# ജൈവവൈവിധ്യ പാർക്ക്

പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആക്കുകയും സ്കൂൾ ക്യാമ്പസിനെ ഒരു പാഠപുസ്തകം ആയി വികസിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി സ്കൂൾ ക്യാമ്പസ് ജൈവവൈവിധ്യ ഉദ്യാനമാക്കി മാറ്റുന്നു .സ്കൂളിന്റെ മൊത്തം സ്ഥലലഭ്യതയും വിസ്തൃതിയും കണക്കിലെടുത്ത് വിവിധ ആവശ്യങ്ങൾക്കുള്ള സ്ഥലം വേർതിരിക്കുകയും മൊത്തം സ്കൂൾ കോമ്പൗണ്ടിന്റെലേഔട്ട് പ്ലാൻ തയ്യാറാക്കുകയും ചെയ്യുന്നു ..സ്കൂളിലെ മുഴുവൻ മരങ്ങളുടെയും ചെടികളുടെയും പേരുകളും അവയുടെ ശാസ്ത്രീയ നാമവും എഴുതി പരിസ്ഥിതി സാക്ഷരത വർധിപ്പിക്കാനുള്ള ശ്രമം ശലഭോദ്യാനം, ഹരിത അങ്കണം ,നക്ഷത്ര വനം, പക്ഷികൾക്ക് ജലലഭ്യത ഉറപ്പാക്കൽ എന്നിവയും ജൈവവൈവിധ്യ പാർക്കിന്റെ പ്രവർത്തനങ്ങളിൽ ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളാണ്.

# ടാലന്റ് ലാബ്

ചിത്രരചന ,സംഗീതം ,കായിക പ്രവർത്തി പരിചയം ,അഭിനയം എന്നീ മേഖലകളിൽ കഴിവുള്ള കുട്ടികളെ കണ്ടെത്തുകയും പ്രത്യേകം ഗ്രൂപ്പുകൾ ആക്കി ആ കഴിവിനെ ഉയർന്ന തലത്തിൽ എത്തിക്കാൻ വിദഗ്ധരുടെ സഹായത്തോടെ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.

# സാമൂഹിക ആസൂത്രണ രേഖ

| ക്രമനമ്പർ | ഭൗതിക സാഹചര്യങ്ങൾ | ചുമതല | സാമ്പത്തികം |
|---|---|---|---|
| 1 | കളിസ്ഥലം | പഞ്ചായത്ത് | 2 ലക്ഷം |
| 2 | ഗേറ്റ് , നെയിംബോർഡ് | പൂർവ്വ വിദ്യാർത്ഥികൾ / സന്നദ്ധ സംഘടനകൾ | 1.5 ലക്ഷം |
| 3 | ഓപ്പൺ എയർ ഓഡിറ്റോറിയം | MLA/ പഞ്ചായത്ത് | 5 ലക്ഷം |
| 4 | അസംബ്ലി ഹാൾ | MLA/ പഞ്ചായത്ത് | 2 ലക്ഷം |
| 5 | ആധുനിക സൗകര്യങ്ങൾ ഉള്ള അടുക്കള | MP/ ഫണ്ട്/SSA | 25 ലക്ഷം |
| 6 | ടോയ്ലറ്റ് , യൂറിനൽ ടൈൽ ഇടുക | SSA | 2 ലക്ഷം |
| 7 | ലൈബ്രറി , ലാബ് നവീകരണം | SSA/ പഞ്ചായത്ത്/ സന്നദ്ധ സംഘടനകൾ | 1.5 ലക്ഷം |
| 8 | കായിക ഉപകരണങ്ങൾ | പൂർവ്വ വിദ്യാർത്ഥികൾ / സന്നദ്ധ സംഘടനകൾ | 1 ലക്ഷം |
| 9 | സംഗീത ഉപകരണങ്ങൾ | പൂർവ്വ വിദ്യാർത്ഥികൾ / സന്നദ്ധ സംഘടനകൾ | 1ലക്ഷം |
| 10 | സ്കൂൾ കെട്ടിടത്തിന്റെ മുറികളും വരാന്തയും ടൈൽ ഇടുക | MLA/ പഞ്ചായത്ത് | 5 ലക്ഷം |
| 11 | ആധുനിക സൗകര്യങ്ങൾ ഉള്ള സ്കൂൾ കെട്ടിടം | MLA | 1000000 കോടി |

# ഭൗതിക സൗകര്യ വികസന ആസൂത്രണ രേഖ

സ്കൂൾ അധ്യാപക രക്ഷകർത്താ സമിതി , പൂർവ്വ വിദ്യാർത്ഥി സംഘടന , പൂർവ്വ അധ്യാപക കൂട്ടായ്മ , സ്കൂൾ വികസന സമിതി തുടങ്ങി സമൂഹവുമായി ബന്ധപ്പെടാവുന്ന എല്ലാവിധ കൂട്ടായ്മകളും ശക്തിപ്പെടുത്തും സാക്ഷര മിഷനുമായി ബന്ധപ്പെട്ടു കൊണ്ട് തുല്യതാ പരീക്ഷയ്ക്ക് അവസരം ഒരുക്കും. സ്കൂൾ പരിസരത്തുള്ള ആളുകളെ വാർഷികത്തിന് സ്കൂളിൽ എത്തിക്കുകയും അവരുടെ കലാപരിപാടികൾ അവതരിപ്പിക്കാൻ അവസരം നൽകുകയും ചെയ്യും. പ്രാദേശിക കലാകാരന്മാരുടെയും, സാങ്കേതിക വിദഗ്ദരുടെയും അറിവുകൾ കുട്ടികൾക്ക് ലഭ്യമാക്കാൻ അവസരം ഒരുക്കുക.

# <u>നേട്ടങ്ങൾ</u>

- പ്രീ -പ്രൈമറി മുതൽ സ്മാർട്ട് ക്ലാസ്സ് റൂമുകൾ.
- മികച്ച അധ്യയനം ,ജൈവവൈവിധ്യ ഉദ്യാനം.
- യോഗ പരിശീലനം ,  സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം.
- പ്രവർത്ത നങ്ങൾ ഭിന്നശേഷി സൗഹൃദ വിദ്യാലയം.
- കായിക പ്രവർത്തി പരിചയ പരിശീലനം.
- എൽ .എസ്. എസ് പരിശീലനം.
- പ്രഭാതഭക്ഷണവും, ഉച്ചഭക്ഷണവും.
- ക്ലാസ് ലൈബ്രറി ,സ്കൂൾ ലൈബ്രറി.